ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
(ഓപ്പറേഷൻസ്), ഡ്രിക്ക് ബോർഡ്,
പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം
തീയതി ; 12/10/2011

# പൗരാവകാശ രേഖ

കേരള പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ 1986-ൽ ഡ്രിക്ക് ബോർഡ് രൂപീകൃതമായി. പ്രധാനമായും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന കെട്ടിടങ്ങളുടേയും, പാലങ്ങളുടേയും, ഘടനാപരമായ രൂപകല്പന ആണ് ഇവിടെ നിർവഹിക്കപ്പെടുന്നത്. വിവിധ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് 2002- ൽ പി.പി.യു വിഭാഗം നിലവിൽ വന്നു. ഈ കാര്യാലയത്തിനകത്ത് പ്രവർത്തിക്കുന്നത് ബിൽഡിംഗ് ഡിസൈൻ, ഹൈവേ ഡിസൈൻ,പ്രോജക്ട് പ്രിപ്പറേഷൻ യുണിറ്റ്, കംപ്യൂട്ടർ സെൽ, എസ്റ്റാബ്ളിഷ്മെന്റ് എന്നീ വിഭാഗങ്ങളാണ്. കൂടാതെ ജോയിന്റ് ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഡ്രിക്ക് ബോർഡിന്റെ ഭാഗമാണ്.

***<u>വിലാസവും ഫോൺ നമ്പറും</u>***

ചീഫ് എഞ്ചിനീയർ (ഓപ്പറേഷൻസ്), ഡ്രിക്ക് ബോർഡ്,
പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം
ഇമെയിൽ - cedriq@pwd.kerala.gov.in
ഫോൺ നമ്പർ - 0471-2325856.

## വിവിധ യൂണിറ്റുകളുടെ വിശദാംശങ്ങൾ ചുവടെ നൽകുന്നു.

## I. ബിൽഡിംഗ് ഡിസൈൻ വിഭാഗം

ചീഫ് എഞ്ചിനീയർ (ഓപ്പറേഷൻസ്)ന്റെ കീഴിൽ കേരള സംസ്ഥാനത്തിലുടനീളമുള്ള സർക്കാർ ബഹുനില കെട്ടിടങ്ങളുടെ സ്ട്രക്ചറൽ ഡിസൈൻ നിർവ്വഹിക്കേണ്ടതിനായി രൂപീകരിച്ച ഒരു യൂണിറ്റാണിത്. സംസ്ഥാനത്തെ സിവിൽ സ്റ്റേഷനുകൾ, കോടതി സമുച്ചയങ്ങൾ, ആശുപത്രികൾ, കോളേജുകൾ, സ്കൂളുകൾ, ഗസ്റ്റുഹൗസുകൾ, മറ്റ് സർക്കാർ കെട്ടിടങ്ങൾ, സർക്കാർ ക്വാർട്ടേഴ്സ് തുടങ്ങിയവ, പൊതുമരാമത്ത് വകുപ്പിലെ ചീഫ് ആർക്കിടെക്ട് രൂപകല്പന ചെയ്ത് അംഗീകരിച്ച പ്ളാനുകളുടേയും, നിർമ്മാണസ്ഥലത്തിന്റെ വിശദമായ പരിശോധനാ റിപ്പോർട്ടിന്റെയും (മണ്ണു പരിശോധന ഉൾപ്പെടെയുള്ള)അടിസ്ഥാനത്തിൽ വിശദമായ ചർച്ചയ്ക്കുശേഷം സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നു. നവീന സാങ്കേതിക വൈദഗ്ധ്യമുള്ള എഞ്ചിനീയർമാർ, സ്റ്റാഡ്, സ്ട്രാപ്പ്, സാപ്പ്, നിസാ സിവിൽ, ഇടാബ്സ് തുടങ്ങിയ നൂതന സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് ഇൻഡ്യൻ സ്റ്റാൻഡേർഡ് കോഡുകളെ അടിസ്ഥാനപ്പെടുത്തിയാണ് ഡിസൈൻ നിർവ്വഹിക്കുന്നത്. തുടർന്ന് ഓട്ടോകാഡ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് സ്ട്രക്ച്ചറൽ ഡ്രായിംഗുകളാക്കി ചീഫ് എഞ്ചിനീയർ **(ബിൽഡിംഗ്)** വിഭാഗത്തിലേക്ക് അയയ്ക്കുന്നു. പ്രസ്തുത സ്ട്രക്ചറൽ ഡിസൈൻ അനുസരിച്ചാണ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തു നടത്തുന്ന കെട്ടിടങ്ങൾ നിർമ്മിക്കുന്നത്.

സമയബന്ധിതമായി ടി വർക്കുകൾ നിർവ്വഹിക്കുന്നതിന് ചീഫ് എഞ്ചിനീയറുടെ കീഴിൽ ഒരു ഡയറക്ടർ , ഒരു ജോയിന്റ് ഡയറക്ടർ, 5 ഡെപ്യൂട്ടി ഡയറക്ടർമാർ 8 അസിസ്റ്റന്റ് ഡയറക്ടർമാർ ഉൾപ്പെടെ 25 ജീവനക്കാർ ഇവിടെ സേവനം അനുഷ്ടിക്കുന്നു. ശരാശരി എൺപതോളം കെട്ടിടങ്ങളുടെ ഡിസൈൻ ഒരു വർഷം ചെയ്തു തീർക്കുന്നുണ്ട്. വർക്കുകളുടെ പുരോഗതി ഇന്റർനെറ്റ് വഴി പി.ഡബ്ളിയു. ഡി വെബ് സൈറ്റിൽ ലഭ്യമാണ്.

***വിലാസവും ഫോൺ നമ്പറും***

ജോയിന്റ് ഡയറക്ടർ (**ബിൽഡിംഗ് ഡിസൈൻ)**
ചീഫ് എഞ്ചിനീയർ (ഓപ്പറേഷൻസ്)- ന്റെ കാര്യാലയം
പബ്ളിക് ആഫീസ് ബിൽഡിംഗ്_ തിരുവനന്തപുരം
ഫോൺ നമ്പർ 0471-2322474

***അന്വേഷണങ്ങൾ / പരാതികൾ***

ജോയിന്റ് ഡയറക്ടർ
(**ബിൽഡിംഗ് ഡിസൈൻ)**
ഫോൺ നമ്പർ 0471-2322474

## II ഹൈവേ ഡിസൈൻ

1. മുഖവുര
2. പ്രവർത്തന ലക്ഷ്യങ്ങൾ

കേരള പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പുതുതായി നിർമ്മിക്കേണ്ട പാലങ്ങളുടേയും അനുബന്ധ സ്ട്രക്ച്ചറുകളുടേയും ഘടനാപരമായ രൂപകല്പന തയ്യാറാക്കുക.

3. **ഓഫീസ് സംവിധാനം/ മനുഷ്യവിഭവശേഷി**

ഒരു ഡയറക്ടറുടെ കീഴിൽ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ(ജോയിന്റ് ഡയറക്ടർ) നാല് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും( ഡെപ്യൂട്ടി ഡയറക്ടർ) ഒൻപത് അസിസ്റ്റന്റ് എഞ്ചിനീയർമാരും(അസിസ്റ്റന്റ് ഡയറക്ടർ) ആറ് ഡ്രാഫ്റ്റ്സ്മാൻമാരും ഒരു പ്യൂണും ഈ വിഭാഗത്തിൽ പ്രവർത്തിക്കുന്നു.

വിലാസവും ഫോൺ നമ്പറും

ജോയിന്റ് ഡയറക്ടർ

ഹൈവേ ഡിസൈൻ
ചീഫ് എഞ്ചിനീയർ (ഓപ്പറേഷൻസ്) ന്റെ കാര്യാലയം
(ഡ്രിക്ക് ബോർഡ്) പി.ഡബ്ളിയു. ഡി,
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം-695033.
ഫോൺ നമ്പർ 0471-2322029

4. ഹൈവേ ഡിസൈൻ- ന്റെ പ്രവർത്തനങ്ങൾ

പുതിയ പാലങ്ങളുടെ നിർമ്മാണത്തിനു വേണ്ടി ചീഫ്എഞ്ചിനീയർ( നിരത്തുകളും, പാലങ്ങളും) വിഭാഗം തയ്യാറാക്കി സമർപ്പിക്കുന്ന നിർദ്ദിഷ്ട പാലത്തിന്റെ അലൈൻമെന്റ് പ്ളാനും, നിർമ്മാണ സ്ഥലത്തിന്റെ(മണ്ണു പരിശോധന ഉൾപ്പെടെയുള്ള) വിശദമായ പരിശോധനാ റിപ്പോർട്ടിന്റെയും അടി

സ്ഥാനത്തിൽ വിശദമായ ചർച്ചയ്ക്കുശേഷം പാലത്തിന്റെ ഒരു നിർദ്ദിഷ്ട രൂപരേഖ തയ്യാറാക്കുകയും, ആയത് സാധ്യതാപഠനത്തിനും അതിന്റെ റിപ്പോർട്ടിനും വേണ്ടി ചീഫ് എഞ്ചിനീയർ( നിരത്തുകളും, പാലങ്ങളും) ക്കും അയച്ചുകൊടുക്കുകയും ചെയ്യുന്നു, ചീഫ് എഞ്ചിനീയറുടെ( നിരത്തുകളും, പാലങ്ങളും) സാധ്യതാപഠനത്തിന്റെ അടിസ്ഥാനത്തിൽ, റിപ്പോർട്ടിൽ നിർദ്ദേശിക്കുന്ന മാറ്റങ്ങൾ ഉൾകൊണ്ട് അസിസ്റ്റന്റ് എഞ്ചിനീയർ പാലത്തിന്റെ ഘടനാപരമായ രൂപകല്പന (Design) തയ്യാറാക്കുന്നു, ഇങ്ങനെ തയ്യാറാക്കുന്ന രൂപകല്പന ഇന്ത്യൻ റോഡ്സ് കോൺഗ്രസും, ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സും അനുശാസിക്കുന്ന നിർദ്ദേശങ്ങൾ പ്രകാരവും, അവ സ്ഥലത്തിനു അനുയോജ്യമായ രീതിയിലാണോയെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിക്കുന്നു(checking) തുടർന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇത് പുനരവലോകനം(Review) ചെയ്യുന്നു; ഇങ്ങനെ പരിശോധിച്ച പാലത്തിന്റെ രൂപകല്പന ഡയറക്ടർ, ചീഫ് എഞ്ചിനീയർ (ഓപ്പറേഷൻസ്)-ന്റെ അംഗീകാരത്തിനുവേണ്ടി ശുപാർശ ചെയ്യുന്നു. ചീഫ് എഞ്ചിനീയർ (ഓപ്പറേഷൻസ്) അംഗീകരിച്ച പാലത്തിന്റെ രൂപകല്പന തുടർനടപടികൾക്കായി ചീഫ് എഞ്ചിനീയർക്ക്(നിരത്തുകളും, പാലങ്ങളും) അയച്ചുകൊടുക്കുന്നു.

5. ***അന്വേഷണങ്ങൾ / പരാതികൾ***

ജോയിന്റ് ഡയറക്ടർ
ഹൈവേയ്സ്,
ഫോൺ നമ്പർ - 0471-2322029

## **III.** പ്രോജക്ട് പ്രിപ്പറേഷൻ യുണിറ്റ്.

ചീഫ് എഞ്ചിനീയർ (ഓപ്പറേഷൻസ്)-ന്റെ കീഴിൽ പി.പി.യു എന്ന വിഭാഗം 2002 മുതൽ സർക്കാർ ഉത്തരവ് (G.O.MS 25/2002/PWD തീയതി 30/05/2002) പ്രകാരം പബ്ളിക് ആഫീസ് ബിൽഡിംഗിൽ പ്രവർത്തിച്ചു വരുന്നു.

**പ്രവർത്തന ലക്ഷ്യങ്ങൾ**

മേൽ പറഞ്ഞ ഉത്തരവ് പ്രകാരം നാൽപത്തിയഞ്ചു ലക്ഷത്തിനുമുകളിൽ തുക വരുന്ന വിവിധ പദ്ധതികളുടെ (റോഡ്സ്, ബിൽഡിംഗ്സ് മുതലായവ) IRC, IS കോഡിലെ മാർഗ്ഗനിർദ്ദേശമനുസരിച്ച് വിശദമായ രൂപരേഖ (DPR) ആ വകുപ്പുകളുടെ ചുമതലയുള്ള ചീഫ് എഞ്ചിനീയർമാരുടെ നിർദ്ദേശാനുസരണം തയ്യാറാക്കലാണ് ഈ വിഭാഗത്തിന്റെ പ്രധാന ലക്ഷ്യം. പദ്ധതികളെ വിശദമായ പഠനത്തിനു വിധേയമാക്കുകയും അതിന്റെ ഡിസൈനും,എസ്റ്റിമേറ്റും ഉൾപ്പെടെ പദ്ധതി നടപ്പിലാക്കാനുള്ള എല്ലാ വിശദാംശങ്ങളും അടങ്ങിയ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുന്നു.

ഒരു പ്രോജക്ട് നടപ്പിലാക്കുന്നതിനുമുമ്പ് തന്നെ വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനാൽ, പദ്ധതികൾ സമഗ്രമായി പഠിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കുമ്പോഴുള്ള അപാകതകൾ പരിഹരിക്കാനും സാധിക്കുന്നു.

റോഡുകളുടേയും ബിൽഡിംഗുകളുടേയും വിശദമായ റിപ്പോർട്ട് തയ്യാറാക്കാൻ ട്രാഫിക്ക് സർവ്വേ, മണ്ണു പരിശോധന, മെറ്റീരിയൽ സർവ്വേ, ടോട്ടൽ സ്റ്റേഷൻ സർവ്വേ എന്നിവ നടത്തേണ്ടതാണ്. കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിട്യൂട്ടിന്റെ സഹായത്താലാണ് ഈ പ്രാഥമിക സർവ്വേകൾ ചെയ്യുന്നത്. ഈ സർവ്വേയുടേയും അന്താരാഷ്ട്ര നിലവാരമുള്ള സോഫ്റ്റ് വെയറുകളുടേയും(Mx Road,Civil 3D) സഹായത്താൽ ഉചിതമായ റോഡ് അലൈൻമെന്റ് ഉണ്ടാക്കുന്നു.

പദ്ധതികൾ വിവിധ സർവ്വേകളുടേയും പഠനങ്ങളുടേയും അടിസ്ഥാനത്തിലാണ് ഡിസൈൻ ചെയ്യുന്നത്. സാങ്കേതികമായി ഉന്നതമായ നിലവാരം പുലർത്തുന്ന റോഡ് ബിൽഡിംഗ് പ്രോജക്ടുകളാണ് തയ്യാറാക്കി വരുന്നത്.

**ഓഫീസ് സംവിധാനം/ മനുഷ്യവിഭവശേഷി**

ഈ വിഭാഗം തിരുവനന്തപുരം ആസ്ഥാനമായ ഡ്രിക്ക് ചീഫ് എഞ്ചിനീയറുടെ (ഓപ്പറേഷൻസ്) കീഴിൽ പബ്ളിക് ആഫീസ് ബിൽഡിംഗിൽ പ്രവർത്തിക്കുന്നു.

**ജീവനക്കാർ**

ഡയറക്ടർ - 1
ഡെപ്യൂട്ടി ഡയറക്ടർ -3
അസിസ്റ്റന്റ് ഡയറക്ടർ-6
പ്യൂൺ-1 എന്നിവരാണ് ഈ വിഭാഗത്തിൽ പ്രവർത്തിക്കുന്നത്.

**വിലാസവും ഫോൺ നമ്പറും**

ഡെപ്യൂട്ടി ഡയറക്ടർ
പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ്
ചീഫ് എഞ്ചിനീയർ (ഓപ്പറേഷൻസ്)- ന്റെ കാര്യാലയം
(ഡ്രിക്ക് ബോർഡ്) പി.ഡബ്ളിയു. ഡി,
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം-695033
ഫോൺ നമ്പർ 0471-2321044

**അന്വേഷണങ്ങൾ / പരാതികൾ**

ഡയറക്ടർ (റിസർച്ച് & പി.പി.യു)
ഫോൺ നമ്പർ 0471-2329735
0471-2321044

## IV. കംപ്യൂട്ടർ സെൽ

പ്രവർത്തന ലക്ഷ്യങ്ങൾ;- ഡ്രിക്ക് ബോർഡിന്റെ സമ്പൂർണ്ണ കംപ്യൂട്ടർവത്കരണമാണ് കംപ്യൂട്ടർ സെൽ ലക്ഷ്യമിടുന്നത്. കൂടാതെ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയങ്ങളുടെ നെറ്റ് വർക്ക് സംബന്ധിയായ പ്രശ്നപരിഹാരങ്ങൾ കംപ്യൂട്ടർ സെൽ നിർവഹിച്ചു വരുന്നു. പബ്ളിക് ആഫീസ്കെട്ടിടത്തിൽ പൊതുമരാമത്ത് വിഭാഗത്തിൽ ലോക്കൽ ഏരിയ നെറ്റ്

വർക്കിംഗ് 1999 മുതൽ നടപ്പാക്കിയത് ഈ വിംഗിന്റെ നേതൃത്വത്തിലാണ്. പിന്നീട് ഇത് കൂടുതൽ വിപുലീകരിച്ച് കേരള വൈഡ് ഏരിയ നെറ്റ് വർക്കുമായി(KSWAN) ബന്ധിപ്പിച്ചു. ഇപ്പോൾ ഈ യൂണിറ്റിന് കീഴിൽ 80 കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പ്രവർത്തനക്ഷമമാണ്. ഇതുമായി ബന്ധപ്പെട്ട ഹാർഡ് വെയറുകൾ,സോഫ്റ്റ് വെയർ എന്നിവയുടെ പരിപാലനവും പ്രവർത്തനവും ഈ വിഭാഗമാണ് നടപ്പിലാക്കുന്നത്. ഇതിനു കീഴിൽ ജീവനക്കാർക്ക് അവശ്യം വേണ്ട ഓഫീസ് സംബന്ധിയായ കംപ്യൂട്ടർ പരിശീലനം നടത്താനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഡിസൈൻ വിഭാഗത്തിലെ എഞ്ചിനീയർമാർക്കും മറ്റു ജീവനക്കാർക്കും വേണ്ടി എല്ലാ വർഷവും ബന്ധപ്പെട്ട തൊഴിൽമേഖലയിൽ പ്രത്യേക പരിശീലന പരിപാടികൾ നടത്തിവരുന്നു. ഇതുവഴി ജീവനക്കാരുടെ കാര്യക്ഷമതയും സാങ്കേതിക പരിജ്ഞാനവും വർദ്ധിപ്പിക്കുകയാണ് ലക്ഷ്യമിടുന്നത്. സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഇ-ഗവേണൻസ് പദ്ധതികൾ ഈ വിഭാഗത്തിൽ ആരംഭിക്കുകയും ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിലെ വിവിധ വിഭാഗം ജീവനക്കാർക്ക് ആവശ്യമുള്ള സാങ്കേതിക സഹായങ്ങൾ അതത് സമയം നൽകി വരികയും ചെയ്യുന്നു. **സ്പാർക്കിന്റെ** പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഈ വിഭാഗത്തിലെ രണ്ട് ജീവനക്കാരെ ഡിപ്പാർട്ട്മെന്റ് മാനേജ്മെന്റ് യൂസർ(DMU) ആയി നിയോഗിച്ചിട്ടുണ്ട്.

**ഓഫീസ് സംവിധാനം/ മനുഷ്യവിഭവശേഷി**

ഐ & ക്യൂ.സി ഡയറക്ടറുടെ കീഴിൽ ഒരു ഡെപ്യൂട്ടി ഡയറക്ടർ, രണ്ട് അസിസ്റ്റന്റ് ഡയറക്ടർ, ഒരു സിസ്റ്റം പ്രോഗ്രാമർ, ഒരു പ്യൂൺ എന്നിവർ ഇവിടെ സേവനം അനുഷ്ടിക്കുന്നു.

**അന്വേഷണങ്ങൾ /പരാതികൾ**

ഡെപ്യൂട്ടി ഡയറക്ടർ
ചീഫ് എഞ്ചിനീയർ (ഓപ്പറേഷൻസ്)- ന്റെ കാര്യാലയം
(ഡ്രിക്ക് ബോർഡ്) പി.ഡബ്ളിയു. ഡി,
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം-695033
ഫോൺ - 0471-2328270

## V. ഡ്രിക്ക് ബോർഡ് എസ്റ്റാബ്ളിഷ്മെന്റ് വിഭാഗം

ഡ്രിക്ക് ബോർഡ് ജീവനക്കാരുടെ സേവന വേതന സംബന്ധിയായ കാര്യങ്ങൾ നിർവഹിക്കുന്നതിനായി ഒരു ജൂനിയർ സൂപ്രണ്ടിന്റെ മേൽ നോട്ടത്തിൽ ഓഫീസ് എസ്റ്റാബ്ളിഷ്മെന്റ് പ്രവർത്തിച്ചുവരുന്നു. കൂടാതെ മൂന്ന് യു.ഡി ക്ളാർക്ക്, രണ്ട് എൽ.ഡി ക്ളാർക്ക് ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഒരു ഡ്രൈവർ ഒരു പ്യൂൺ എന്നിവരും ഈ വിഭാഗത്തിലുണ്ട്. നിയമസഭ-വിവരാവകാശം സംബന്ധിയായ ചോദ്യങ്ങൾക്കുള്ള മറുപടികളുടെ ഏകോപനവും ഈ വിഭാഗം കാര്യക്ഷമമായി നിർവഹിച്ചുവരുന്നു.

**അന്വേഷണങ്ങൾ /പരാതികൾ**

ജൂനിയർ സൂപ്രണ്ട്
ചീഫ് എഞ്ചിനീയർ (ഓപ്പറേഷൻസ്)- ന്റെ കാര്യാലയം
(ഡ്രിക്ക് ബോർഡ്) പി.ഡബ്ളിയു. ഡി,
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം-695033
ഫോൺ - 0471-2325856

## കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

1. **മുഖവുര**

ഷിപ്പിംഗ്, റോഡ്,ഹൈവേ മന്ത്രാലയത്തിന്റെ മാർഗ്ഗരേഖ പ്രകാരം ഓരോ സംസ്ഥാനത്തിനും കുറഞ്ഞത് ഒരു ഗവേഷണ സ്ഥാപനമെങ്കിലും റോഡിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ആവശ്യമാണ്. ആയതിൻ പ്രകാരം 1972-ൽ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ ഒരു ഗവേഷണ സ്ഥാപനം തിരുവന്തപുരത്ത് പാളയത്ത് സ്ഥാപിതമായി. പ്രസ്തുത സ്ഥാപനം സർക്കാർ ഉത്തരവ് പ്രകാരം (G.O.(MS)57/86/PW&T തീയതി 20/5/1986) ചീഫ് എഞ്ചിനീയർ (ഓപ്പറേഷൻസ്), ഡ്രിക്ക് ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനം 1994 മുതൽ കാര്യവട്ടം സർവകലാശാല വളപ്പിൽ സർവകലാശാലയിൽ നിന്നും പാട്ടമായി ലഭിച്ച ഭൂമിയിലെ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുകയുണ്ടായി.

2. **പ്രവർത്തന ലക്ഷ്യങ്ങൾ**

കേരളാ പൊതുമരാമത്ത് വകുപ്പിലെ നിയമങ്ങൾക്ക് വിധേയമായിട്ടാണ് ഈ ഗവേഷണ സ്ഥാപനം പ്രവർത്തിച്ചു വരുന്നത്. ഈ സ്ഥാപനത്തിലെ പ്രവർത്തന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

- നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം പരിശോധന.
- ഭൂപ്രദേശ സർവ്വേ
- ഗവേഷണ പ്രവർത്തനങ്ങൾ
- സാങ്കേതിക പരിശീലനം

3. **ഓഫീസ് സംവിധാനം/ മനുഷ്യവിഭവശേഷി**

**സ്ഥാപനം**

തിരുവനന്തപുരം ആസ്ഥാനമായ ഡ്രിക്ക് ചീഫ് എഞ്ചിനീയറുടെ (ഓപ്പറേഷൻസ്) കീഴിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ചീഫ് എഞ്ചിനീയറെ കൂടാതെ ഒരു ഡയറക്ടർ (ഗവേഷണം) കൂടി ഉണ്ടെങ്കിലും ഓഫീസ് മേധാവി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിലുള്ള ജോയിന്റ് ഡയറക്ടറാണ് .

**ജീവനക്കാർ**

ആറ് സീസണൽ തൊഴിലാളികളും,സാങ്കേതിക-സാങ്കേതികേതര ജീവനക്കാരും ജോയിന്റ് ഡയറക്ടറും ഉൾപ്പെടെ 84 പേരാണ് ഈ സ്ഥാപനത്തിൽ ഉള്ളത്.

**വിലാസവും ഫോൺ നമ്പറുകളും**

കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കാര്യവട്ടം പി.ഒ. തിരുവനന്തപുരം-695581
ഫോൺ ; 0471- 2418689 , 0471-2412627
ഫാക്സ് ; 0471-2418689
ഇ.മെയിൽ ; jointdirectorkhri@gmail.com

**KHRI -യുടെ വിവിധ വിഭാഗങ്ങൾ-**

**പ്രവർത്തനങ്ങൾ**

ഈ സ്ഥാപനത്തിനു കീഴിൽ 4 വിഭാഗങ്ങൾ പ്രവർത്തിക്കുന്നു. ഓരോ വിഭാഗവും ഒരു ഡെപ്യൂട്ടി ഡയറക്ടറുടെ (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പദവിയിലുള്ള ഉദ്യോഗസ്ഥൻ) നിയന്ത്രണത്തിലാണ്. ഓരോ വിഭാഗത്തിലും രണ്ടോ മൂന്നോ അസിസ്റ്റന്റ് ഡയറക്ടർമാർ (അസിസ്റ്റന്റ് എഞ്ചിനീയർ പദവിയിലുള്ള ഉദ്യോഗസ്ഥൻ) കൂടിയുണ്ട്. സയന്റിഫിക് അസിസ്റ്റന്റ്/ റിസർച്ച് അസിസ്റ്റന്റ്, ഓവർസിയർ മുതലായ അനുബന്ധ ജീവനക്കാർ ഓരോ വിഭാഗത്തിലും ഉണ്ട്. കൂടാതെ ജോയിന്റ് ഡയറക്ടറുടെ കീഴിൽ അസിസ്റ്റന്റ് എഞ്ചിനീയർ(വർക്സ്), അസിസ്റ്റന്റ് ഡയറക്ടർ (ഭരണം) എന്നിവരും പ്രവർത്തിച്ചു വരുന്നു. ഭരണ വിഭാഗത്തിന്റെ നിയന്ത്രണം ഡിവിഷണൽ അക്കൗണ്ടന്റിന്റെ കീഴിലാണ്. ഡിവിഷണൽ അക്കൗണ്ടന്റിനെ കുടാതെ ഒരു ജൂനിയർ സൂപ്രണ്ടും ആറ് ക്ളാർക്കുമാരും 3 ടൈപ്പിസ്റ്റ്മാരും,6 പ്യൂൺമാരും ഭരണ വിഭാഗത്തിലുണ്ട്. അസിസ്റ്റന്റ് ജിയോളജിസ്റ്റ്, ലൈബ്രേറിയൻ എന്നിവരും ജീവനക്കാരായി ഉണ്ട്.

**വിവിധ വിഭാഗങ്ങൾ താഴെ പറയുന്നവയാകുന്നു**

1. **സോയിൽ മെക്കാനിക്സ് ആന്റ് ഫൗണ്ടേഷൻ ഡിവിഷൻ**

കെട്ടിടങ്ങൾ, പാലങ്ങൾ,റോഡുകൾ മുതലായവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട മണ്ണ് സാംപിളുകളുടെ ലാബ് പരിശോധന, ഫീൽഡിലുള്ള പഠനങ്ങൾ എന്നിവ നിർവഹിക്കുന്നു. ഈ ഡിവിഷനു കീഴിൽ വിവിധ ലാബ്ടെസ്റ്റുകൾ, സർക്കാർ -സർക്കാരിതര ഏജൻസികൾക്കായി നിശ്ചിത ഫീസ് ഈടാക്കി നിർവഹിക്കുന്നുണ്ട്.

2. **കോൺക്രീറ്റ് ഫ്ളക്സിബിൾ പേവ്മെന്റ് ഡിവിഷൻ**

ഈ വിഭാഗം നിരത്തുകളുടെ പഠനം നടത്തുന്നു. കൂടാതെ നിരത്തുകൾ രൂപ കല്പന ചെയ്യുന്നു ബിറ്റുമിൻ മിക്സ് ഡിസൈൻ, മെറ്റൽ, ടാർ എന്നീ നിർമ്മാണസാമഗ്രികളുടെ ഗുണ നിലവാര പരിശോധന നിശ്ചിത ഫീസ് ഈടാക്കി നിർവഹിക്കുന്നു.

3 **കോൺക്രീറ്റ് & സ്ട്രക്ചറൽ ഡിവിഷൻ**

കോൺക്രീറ്റിന്റെ മിക്സ് ഡിസൈൻ, കോൺക്രീറ്റ് ക്യൂബുകളുടെ പരിശോധന സിമന്റ്, മണൽ, ഇഷ്ടിക ഹോളോ ബ്ളോക്കുകൾ മറ്റ് നിർമ്മാണ വസ്തുക്കൾ എന്നിവയുടെ ലാബ് പരിശോധന നിശ്ചിത ഫീസ് ഈടാക്കി നിർവഹിക്കുന്നു.

4 **ട്രാഫിക്ക് എഞ്ചിനീയറിംഗ് ഡിവിഷൻ**

ആധുനിക സാങ്കേതികങ്ങളായ ടോട്ടൽ സ്റ്റേഷൻ തിയോഡോലൈറ്റ് ഉപയോഗിച്ച് ഭൂസർവ്വേ, കോണ്ടൂർ മാപ്പുകൾ തയ്യാറാക്കൽ എന്നിവയും പൊതുമരാമത്ത് ഉദ്യോഗസ്ഥർക്ക് ആധുനിക സർവ്വേ ഉപകരണങ്ങളിൽ വിദഗ്ധ പരിശീലനവും റോഡ് സുരക്ഷ, റോഡപകടങ്ങൾ എന്നിവ സംബന്ധിച്ച ഗവേഷണങ്ങളും പഠനങ്ങളും ഈ വിഭാഗം നടത്തുന്നു.

**KHRI-ടെ പ്രവർത്തനങ്ങൾ**

ഈ സ്ഥാപനത്തിന്റെ പ്രധാന പ്രവർത്തനമേഖല താഴെ പറയുന്നു.

1. പരിശീലനത്തിന് ഒരു മികവിന്റെ കേന്ദ്രമായി വർത്തിക്കുക.
2. ഗുണനിലവാര നിയന്ത്രണവും പരിശോധനകളും
3. ഗവേഷണ പ്രവർത്തനങ്ങൾ
4. ടോട്ടൽ സ്റ്റേഷൻ മുതലായ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ഭൂസർവ്വേ ജോലികൾ
5. വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കൽ

നിർമ്മാണ വസ്തുക്കളായ മെറ്റൽ, മണൽ, ടാർ, കോൺക്രീറ്റ്, മണ്ണ്, ഇഷ്ടിക, ഓട്,ഇരുമ്പ്, ഉരുക്ക് എന്നിവയുടെ പരിശോധനകൾ ആവശ്യാനുസരണം പരീക്ഷണശാലയിലും, ഫീൽഡിലും നടത്തി കേരള പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ വിഭാഗങ്ങളുടേയും ആവശ്യകത നിറവേറ്റുക യാണ് KHRI ടെ ദൗത്യം. കോൺക്രീറ്റിന്റെ മിക്സ് ഡിസൈൻ, വിവിധ എഞ്ചിനീയറിംഗ് ഉപയോഗ ങ്ങൾക്കുവേണ്ടി ടാർ മിശ്രതങ്ങൾ(ബിറ്റുമിൻ മിക്സ് ഡിസൈൻ) തയ്യാറാക്കുക , ട്രാഫിക്ക് ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് ഗവേഷണ പദ്ധതികൾ ഏറ്റെടുക്കുക. കൂടാതെ ഭൂവ സ്ത്രം(Geo-Textiles), ടാർ,കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് ഉള്ള നിർമ്മാണങ്ങളുടെ ഗവേഷണ പഠനങ്ങളും നടത്തുന്നു.

കേരള പൊതുമരാമത്ത് വകുപ്പിന്റെ മനുഷ്യവിഭവശേഷി വിഭാഗവുമായി ചേർന്ന് പൊതുമരാ മത്ത് ജീവനക്കാർക്കായി നിരന്തര പരിശീലന പരിപാടികൾ വിജയകരമായി നടപ്പാക്കുകയെന്നത് ഈ സ്ഥാപനത്തിന്റെ ദീർഘകാല ലക്ഷ്യമാണ്. കുടാതെ KHRI ലാബ് ഉപകരണങ്ങളുടെ നവീക രണം സാധ്യമാക്കി ആവശ്യാനുസരണം അടിസ്ഥാന സൗകര്യങ്ങൾ സ്വായത്തമാക്കി തദ്വാരാ ഈ സ്ഥാപനത്തെ ഒരു മികവിന്റെ കേന്ദ്രമാക്കി മാറ്റുകയെന്നതും ലക്ഷ്യമിട്ടിരിക്കുന്നു. സർക്കാർ-സർക്കാരിതര സ്ഥാപനങ്ങൾക്ക് ഗുണനിലവാര പരിശോധനയ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പെടു ത്തുന്നതും KHRI - ലക്ഷ്യമിടുന്നു. പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ പരിശോധനകളുടേയും നിരീക്ഷണവും സാക്ഷ്യപ്പെടുത്തലും KHRI യുടെ പ്രവർത്തനമേഖലയിൽപ്പെടുന്നു.

<u>അന്വേഷണങ്ങൾ /പരാതികൾ</u>

ജോയിന്റ് ഡയറക്ടർ

ഇ മെയിൽ -jdkhri@pwd.kerala.gov.in

ഫോൺ - 0471-2418689

ഡെപ്യൂട്ടി ഡയറക്ടർ

കോൺക്രീറ്റ് & സ്ട്രക്ചറൽ ഡിവിഷൻ ഫോൺ - 9447399099

ഫെക്സിബിൾ പേവ്മെന്റ് ഡിവിഷൻഫോൺ - 9447012059

ട്രാഫിക്ക് എഞ്ചിനീയറിംഗ് ഡിവിഷൻ ഫോൺ - 9447103477

സോയിൽ മെക്കാനിക്ക്സ് &ഫൗണ്ടേഷൻ ഡിവിഷൻ ഫോൺ - 8547501715

ചീഫ് എഞ്ചിനീയർ